പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1281 **30-06-2026-ൽ മറുപടിയ്ക്ക്**

ഏൺ വൈൽ യു ലേൺ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 'ഏൺ വൈൽ യു ലേൺ പദ്ധതി' സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

മറുപടി: വിദ്യാർത്ഥികളുടെ തൊഴിൽയോഗ്യതയും നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിനായി **Industry on Campus – Earn and Learn** മാതൃക വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തോടൊപ്പം വ്യവസായ പരിചയം, നൈപുണ്യ വികസനം, ഇന്റേൺഷിപ്പ്, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിലാണ് "ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ" പ്രവർത്തിച്ചു വരുന്നതെന്ന് അറിയിക്കാമോ; ഇത് കൂടുതൽ കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്ത് മഹാത്മാഗാന്ധി സർവകലാശാലയിൽ **Business Innovation and Incubation Centre (BIIC)**, കാലിക്കറ്റ് സർവകലാശാലയിൽ **Centre for Innovation and Entrepreneurship (CIE)**, **Technology Business Incubator (TBI)**, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (CUSAT) മൂന്ന് **Technology Business Incubators (TBIs)**, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്, എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ, പൂജപ്പുര എന്നിവിടങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകളും, കൂടാതെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺ ഹിൽ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, ഇടുക്കി എന്നീ സ്ഥാപനങ്ങളിൽ **Technology Incubation Centres** പ്രവർത്തിച്ചുവരുന്നു.

ഈ കേന്ദ്രങ്ങളിലൂടെ നവീകരണ (Innovation) പ്രവർത്തനങ്ങൾ, സംരംഭകത്വ വികസനം, ഗവേഷണഫലങ്ങളുടെ വാണിജ്യവൽക്കരണം, സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകളുടെ വളർച്ച, ട്രാൻസ്ലേഷണൽ ഗവേഷണം, വിദ്യാർത്ഥികളുടെ പുതുനവീന ആശയങ്ങളുടെ പരിപോഷണം, ഇൻക്യുബേഷൻ പിന്തുണ എന്നിവ ലഭ്യമാക്കിവരുന്നു. കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **Technology Incubation Centres** സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്തെ ഏതൊക്കെ പോളിടെക്നിക്കുകളിലാണ് "ഉൽപാദന പരിശീലന കേന്ദ്രങ്ങൾ" സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നതെന്ന് അറിയിക്കാമോ; സംസ്ഥാനത്തെ ശേഷിക്കുന്ന പോളിടെക്നിക്കുകളിലും ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

മറുപടി: നിലവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് പാലക്കാട്, ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആറ്റിങ്ങൽ, ഗവൺമെന്റ് പോളിടെക്നിക് കോളേജ് പെരുമ്പാവൂർ എന്നീ സ്ഥാപനങ്ങളിലാണ് ഉൽപാദന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. പോളിടെക്നിക് കോളേജുകളുടെ **Standard Operating Procedure (SOP)** അന്തിമമാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് മറ്റ് പോളിടെക്നിക് കോളേജുകളിലും ഉൽപാദന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ